## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2572** **24-06-2024 - ൽ മറുപടിയ്ക്ക്**

## കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിമെന്റ്, സ്റ്റീൽ, കമ്പി, പി.വി.സി. തുടങ്ങിയ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്തെ കെട്ടിടനിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സിമെന്റ്, സ്റ്റീൽ, കമ്പി, പി.വി.സി എന്നിവയുടെ വിലക്കയറ്റം മാത്രമാണ് സംസ്ഥാനത്തെ കെട്ടിട നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് എന്ന് കാണാൻ കഴിയില്ല. കോവിഡ് മൂലവും ആഗോള പ്രതിസന്ധി മൂലവും ഉണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ആഗോള വില വർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, സ്റ്റീൽ, പ്ലംബിംഗ്, ഫ്ലോറിംഗ്, പെയിന്റ് തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിലയിലും ഗതാഗത ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റുപോകാത്തതും കൊമേഴ്സ്യൽ സ്പേസിന് ആവശ്യക്കാർ കുറഞ്ഞതും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. |
| (ബി) | നിർമ്മാണരംഗത്തെ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സ്ഥാപനം സിമന്റ് വില വർദ്ധിപ്പിച്ചിട്ടില്ല. ഏതാനും മാസങ്ങളായി സിമന്റ് വിലയിൽ ഗണ്യമായ ഇടിവ് നേരിടുകയാണ്. |

| | | | |
|---|---|---|---|
| | | | കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന പാറയുടെയും പാറ ഉത്പന്നങ്ങളുടെയും വില വ്യപകമായി വർദ്ധിപ്പിക്കുന്നു എന്ന് പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കലക്ടർമാർ, ജില്ലാ ജിയോളജിസ്റ്റുമാർ എന്നിവരുടെ നേതൃത്വത്തിൽ ക്വാറി, ക്രഷർ ഉടമകളുമായി ചർച്ച ചെയ്തു പാറയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വില അതതു ജില്ലകളിൽ ഏകീകരിച്ചു നിശ്ചയിച്ചതു കൊണ്ട് പ്രസ്തുത ഉത്പന്നങ്ങളുടെ വില വർദ്ധനവ് നിയന്ത്രിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ പദ്ധതിയൊന്നുമില്ല. |

സെക്ഷൻ ഓഫീസർ